## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3270 29.01.2014 ലെ മറുപടിക്ക്**

**പ്രവാസികളുടെ ക്ഷേമം**

ചോദ്യം | മറുപടി

ശ്രീ. പി. ഉബൈദുള്ള

ശ്രീ കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) പ്രവാസികളുടെ ക്ഷേമത്തിനും വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതിനും ക്രോഡീകരിക്കുന്നതിനും വേണ്ടി ഈ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ) പ്രവാസി ക്ഷേമത്തിനായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനായി പ്രവാസികളുടെ എണ്ണം കണക്കാക്കുന്നതിനും മറ്റു വിവരങ്ങൾ ശേഖരിക്കുന്നതിനുമായി 2013 ലെ ദേശീയ സാമ്പത്തിക സെൻസസിനോടൊപ്പം പ്രവാസി സർവ്വേ നടത്തുകയും സർവ്വേയുടെ വിശദാംശങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രവാസികൾ നോർക്ക വകുപ്പിന്റെ പദ്ധതികളെയും പ്രവർത്തനങ്ങളെയും കൂടുതൽ അറിയുന്നതിനായി നോർക്ക ഹെൽപ്പ് ഡെസ്ക്കുകൾ ഗൾഫ് രാജ്യങ്ങളിൽ ആരംഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരികയാണ്. തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനായി ഒരു സമഗ്ര പാക്കേജിന് സർക്കാർ രൂപം നല്കിയിട്ടുണ്ട്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ കേരളീയരുടെ ക്ഷേമത്തിനായി ചെന്നൈ, ഹൈദരാബാദ്, ബറോഡ, ബാംഗ്ലൂർ എന്നിവിടങ്ങളിൽ നോർക്ക സാറ്റലൈറ്റ് സെന്ററും |

| | |
|---|---|
| | മുംബൈ ഡൽഹി എന്നിവിടങ്ങളിൽ ഡെവലപ്പ്മെന്റ് ഓഫീസുകളും സ്ഥാപിച്ചിട്ടുണ്ട്. വിദേശമലയാളികളുടെ നിക്ഷേപ താത്പര്യങ്ങളെ സാക്ഷാത്കരിക്കുന്നതിനായി നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ, നോർക്ക റൂട്ട്സിൽ പ്രവർത്തിക്കുന്നുണ്ട്. തൃശ്ശൂർ, കോട്ടയം, കണ്ണൂർ ജില്ലകളിൽ നോർക്കസെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ ജില്ലകളിലും ഘട്ടം ഘട്ടമായി നോർക്ക സെല്ലുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) മലപ്പുറം ജില്ലയിൽ പ്രഖ്യാപിച്ച നോർക്കയുടെ ജില്ലാ ഓഫീസ് ആരംഭിക്കുന്നതിനുള്ള കാലതാമസം വ്യക്തമാക്കാമോ? | ബി) മലപ്പുറം ജില്ലയിൽ കളക്ടറേറ്റിനോടനുബന്ധിച്ച് സിവിൽ സ്റ്റേഷനിൽ അനുയോജ്യമായ സ്ഥലം ലഭ്യമാകാത്തതിനാലാണ് അവിടെ നോർക്ക സെൽ ആരംഭിക്കുവാൻ കാലതാമസമുണ്ടായത്. മലപ്പുറം ജില്ലാ കളക്ടറുടെ 17/1/2014 ലെ G739316/13 നമ്പർ ഉത്തരവ് പ്രകാരം സ്ഥലം ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ